'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ - കാസർഗോഡ് ജില്ലയിലെ 'സ്നേഹിത സെന്ററിനായി കാഞ്ഞങ്ങാട് റോട്ടറി ക്ലബ്ബ് നൽകിയ കാറിന്റെ ചെലവ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.489/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:- 28.01.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.52.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കുടുംബശ്രീയുടെ കീഴിലുള്ള സ്നേഹിത സെന്ററിന്റെ പ്രവർത്തനത്തിന് കാഞ്ഞങ്ങാട് റോട്ടറി ക്ലബ് ഒരു കാർ നൽകിയിട്ടുണ്ട്. ഈ വാഹനത്തിന്റെ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ് അടക്കം പ്രതിമാസം 43,000/- രൂപയും, ഇൻഷ്വറൻസ് തുക 6,000/- രൂപയും ഉൾപ്പെടെ ഒരു വർഷത്തേക്ക് ചെലവ് വരുന്ന 5,22,450/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ്റി അമ്പത് രൂപ), പരാമർശത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ/സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by SMITHA S CHANDRA
Date: 2020.03.04 11:02:3 IST
Reason: Approved

സെക്ഷൻ ഓഫീസർ